## സർക്കാരിന്റെ അറിവോടെ മരം മുറിച്ചുകടത്തുന്നു

മലമ്പുഴ ജലവിഭവ വകുപ്പിന്റെ അധീനതയിൽ റോക്ക് ഗാർഡന് എതിരെയുള്ള ഒരേക്കർ സ്ഥലത്ത് നിന്നിരുന്ന നൂറിൽപ്പരം റബ്ബർ മരങ്ങളും 50 തേക്കും 10 കശുമാവും മുറിച്ചുകടത്തി. ജെസിബി കൊണ്ട് അവയുടെ കുറ്റികൾ പുഴക്കിയിട്ടുണ്ട്. 15 വർഷത്തോളം മൂപ്പുള്ള റബ്ബർ മരങ്ങളിൽനിന്ന് ടാപ്പ് ചെയ്ത റബ്ബർ പാല് എടുക്കുന്നുണ്ടായിരുന്നു. പാലക്കാട് ഡവലപ്പ്മെന്റ് അതോറിറ്റി മലമ്പുഴ ബസ്സ്റ്റാന്റിനായി നീക്കിവെച്ചിട്ടുള്ള ഈ സ്ഥലം മലമ്പുഴ വില്ലേജ് രണ്ടിൽ വിനോദ സഞ്ചാര കേന്ദ്രം സർവ്വേ നമ്പർ 213ൽ 186 ഏക്കറിൽപ്പെടുന്നു. ഇന്ത്യൻ പ്രതിരോധ നിയമമനുസരിച്ച് ഇവിടം സംർക്ഷിത നിരോധിത മേഖലയാണ്. കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിച്ച് റവന്യൂ അധികാരികൾ ഈ സ്ഥലം ജലവിഭവ വകുപ്പിനെ ഏൽപ്പിച്ചിരുന്നു.

ജലവിഭവ വകുപ്പിന്റെ അറിവോടെയാണ് ഈ മരം മുറി എന്നാണ് ജനങ്ങൾ പറയുന്നത്. 5 ലക്ഷം രൂപയുടെ മരം മുറിച്ച് കടത്തിയിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കല്ലടിക്കോട്കാരൻ ഒരു മരം വ്യാപാരിയാണ് ഇവ വാങ്ങിയിരിക്കുന്നത്. ഈ ഒരേക്കർ ഭൂമിക്ക് പിന്നിലുള്ള സ്ഥലം വാങ്ങിയിരിക്കുന്നത് മലമ്പുഴയിലെ തന്നെ ഒരു കോൺവെന്റുകാരാണ്. അവർ ഇവിടെ ഒരു പബ്ലിക് സ്കൂൾ തുടങ്ങുവാനാണ് ശ്രമം. റോഡ് സൈഡിലുള്ള കണ്ണായ ഈ ഒരേക്കർ ഭൂമിക്ക് ലക്ഷങ്ങൾ വില വരും. ഇതിന് ഏറ്റവും പടിഞ്ഞാറ് വശത്തുള്ള ട്രൈപ്പന്റാ ഹോട്ടലിന് മുന്നിലുള്ള ഒരേക്കർ കയ്യേറ്റ ഭൂമിയും ഈ അടുത്ത കാലത്താണ് ഒഴിപ്പിച്ചെടുത്തത്. അതിനും ഈ ഭൂമിക്കും ഇടക്കുള്ള സ്റ്റാൻലി ജോസഫിന്റെ കൈവശമുള്ള രണ്ടേക്കർ വസ്തുവും കയ്യേറ്റഭൂമിയാണ്. അവയെ സംബന്ധിച്ച് കോടതി സ്റ്റേ നിലവിലുണ്ട്. എന്നാൽ സ്റ്റേകൾ നീക്കി ഇവയെ ഒഴിപ്പിച്ചെടുക്കുന്നതിന് റവന്യൂ ജലവിഭവ വകുപ്പ് അധികാരികൾ യാതൊരു ശ്രമവും നടത്തുന്നില്ല. മലമ്പുഴ ഡാം സംരക്ഷണസമിതിയുടെയും ഇതര പരിസ്ഥിതി സംഘടനകളുടെയും ആഭിമുഖ്യത്തിൽ ഈ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനു വേണ്ടി ജനകീയ പ്രക്ഷോഭം നടന്നുവരുന്നു. ഈ മരം മുറിച്ച് കടത്തിയവർക്കും ഇതിന് കൂട്ടുനിന്ന ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥന്മാർക്കുമെതിരെ നിയമപരമായ നടപടികൾ കൈക്കൊള്ളണമെന്ന് മലമ്പുഴ ഡാം സംരക്ഷണസമിതി ആവശ്യപ്പെട്ടു.

ഡോ. പി.എസ്. പണിക്കർ
*സെക്രട്ടറി, മലമ്പുഴ ഡാം സംരക്ഷണസമിതി*
*പൗർണ്ണമി, തൊറപ്പാളയം, പാലക്കാട്-1*

## കസ്റ്റഡിനിയമ ഭേദഗതിക്കെതിരെ കരിനിയമ വിരുദ്ധ കൺവെൻഷൻ

സംസ്ഥാന സർക്കാർ കൊണ്ടുവരുന്ന കസ്റ്റഡിനിയമ ഭേദഗതിക്കെതിരെ നവമ്പർ 1ന് കോഴിക്കോട് കൽപ്പക ഓഡിറ്റോറിയത്തിൽ കരിനിയമ വിരുദ്ധ കൺവെൻഷൻ നടത്തും.

കസ്റ്റഡിയിൽ വെക്കാൻ പ്രതിയെ കോടതിയെ നേരിട്ട് ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് പകരം വീഡിയോ കോൺഫറൻസിങ്ങ് സമ്പ്രദായം നടപ്പാക്കാൻ വേണ്ടി സിആർപിസി നിയമങ്ങളും റൂളുകളും സംസ്ഥാനതലത്തിൽ ഭേദഗതി ചെയ്ത് കരിനിയമം കൊണ്ടുവരാനുള്ള ശ്രമം നടന്നുവരുന്നു. കേന്ദ്രാനുമതിക്ക് വിധേയമായി സംസ്ഥാന സർക്കാർ നടത്തുന്ന ഈ നീക്കത്തിനെതിരെയാണ് കൺവെൻഷൻ നടത്തുന്നത്.

സിആർപിസി നിയമങ്ങൾ മാറ്റാനുള്ള ശ്രമം കസ്റ്റഡിയുമായി ബന്ധപ്പെട്ട ജുഡീഷ്യൽ മേൽനോട്ടത്തെ ദുർബലമാക്കുന്നതും ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് വഴി തുറക്കുന്നതുമാണ്. കസ്റ്റഡിയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ ഒരളവെങ്കിലും നിയന്ത്രിക്കുന്നത് പ്രതിയും മജിസ്ട്രേറ്റുമായുള്ള നേരിട്ടുള്ള കൂടിക്കാഴ്ച ഉറപ്പുവരുത്തുന്ന നിയമങ്ങളാണ്.

ഓപ്പൺ കോർട്ടിൽ പ്രതി ഹാജരാക്കപ്പെടുകയും മജിസ്ട്രേറ്റുമായി സ്വതന്ത്രമായ ആശയവിനിമയം നടക്കുകയും ചെയ്യുന്നതിന് ഒരു നിലയ്ക്കും പകരമാവില്ല തടവറയിൽ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ നടക്കുന്ന, സാങ്കേതികവും പ്രായോഗികവുമായ പരിമിതികളുള്ള, വീഡിയോ കോൺഫറൻസിങ്ങ് സമ്പ്രദായം എന്നത് വ്യക്തമാണ്.

ഔദ്യോഗിക തലത്തിൽ നടക്കുന്ന പ്രചാരണം എന്തായാലും, ഏഷ്യൻ വികസന ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട ഭരണ നവീകരണ പരിപാടിയുടെ അനുബന്ധമായ ജയിൽ നവീകരണ പരിപാടിയുടെ ഭാഗമായാണ് കോടതിക്കും പ്രതിക്കുമിടയിലെ വീഡിയോ കോൺഫറൻസിങ്ങ് പോലുള്ള പദ്ധതികൾ സർക്കാർ കൊണ്ടുവരുന്നത്.

തടവുകാരുടെ ജനാധിപത്യപരമായ അവകാശാനുകൂല്യങ്ങൾക്കായുള്ള പ്രചരണ പ്രക്ഷോഭ പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്ന കരിനിയമ വിരുദ്ധ കൺവെൻഷനുമായി മുഴുവൻ ജനാധിപത്യ വിശ്വാസികളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*കെ. ഗിരീഷ്കുമാർ, കൺവീനർ, വധശിക്ഷ വിരുദ്ധ സമിതി, കോഴിക്കോട്. ഫോൺ : 9447686930*

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (180 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9388872845, 9447674375





## ജൈവകൃഷി നയം എങ്ങിനെയാകണം?

ജൈവകൃഷിയാണ് ഭാവിയുടെ കൃഷിയെന്ന മട്ടിലുള്ള പ്രചാരണം കൊണ്ടുപിടിച്ചുനടക്കുന്ന സാഹചര്യത്തിൽ സർക്കാരിനും, കാർഷിക സർവകലാശാലക്കും ഇക്കാര്യത്തിൽ ഒരു നയം വേണ്ടതാണ്. പക്ഷേ, ഊതിപെരുപ്പിച്ച അവകാശവാദങ്ങളുടെയും കേട്ടറിവുകളുടെയും പിൻബലത്തിൽ രൂപപ്പെടുത്തേണ്ട ഒന്നല്ല ജൈവകൃഷിനയം. ആകെ ലഭ്യമായ കൃഷിഭൂമിയുടെ 20 ശതമാനം ഓരോ വർഷവും ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്ത് അഞ്ചുകൊല്ലത്തിനുള്ളിൽ സമ്പൂർണ്ണ ജൈവകൃഷി ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമെന്ന് സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന്റെ കരടുനയം പറയുന്നു. അഞ്ചു വർഷം കൊണ്ട് ഘട്ടംഘട്ടമായി രാസവളവും, കീടനാശിനിയും നിരോധിക്കുമെന്നും പറയുന്നു.

നമുക്കാവശ്യം വൈകാരിക കണ്ഠക്ഷോഭമല്ല, തെളിവുകളാണ്. ആധുനിക കൃഷി ഉരുത്തിരിഞ്ഞു വന്ന സാഹചര്യം ഇവിടെ വിവരിച്ചു കഴിഞ്ഞു. ആവാസശേഷിയുടെ കാര്യവും പറഞ്ഞു. തികച്ചും പിന്തിരിപ്പനും, പ്രതിലോമകരവും ഭക്ഷ്യക്കയറ്റുമതിക്കാരായ മുതലാളിത്ത രാജ്യങ്ങൾക്ക് സന്തോഷകരവുമായ നയങ്ങൾ സ്വീകരിക്കരുത്. വയനാട്ടിലെ നേന്ത്രവാകൃഷിയിലും റബ്ബർ കൃഷിയിലുമൊക്കെ ശാസ്ത്രീയ ശുപാർശകളെക്കാൾ എത്രയോ അധികം രാസവസ്തുക്കളാണ് പ്രയോഗിക്കപ്പെടുന്നത്? ഇടപെടൽ ആദ്യം വേണ്ടത് ഈ വിളകളിലാണ്. രാസവസ്തുക്കളുടെ ഉപയോഗം ശുപാർശകൾ പ്രകാരം കുറച്ച്, സമീകൃതമാക്കിയാൽ തന്നെ ഇവകൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഗണ്യമായി കുറയും.

ആധുനിക വൈദ്യത്തിൽ പാർശ്വഫലങ്ങളുണ്ടാക്കുന്നതും നമ്മുടെ പാരമ്പര്യത്തിന് നിരക്കാത്തതുമായ പലതുമുണ്ടല്ലോ? അതുകൊണ്ട് നമ്മുടെ ആശുപത്രികളിലെല്ലാം ഘട്ടംഘട്ടമായി ആയുർവ്വേദ ആശുപത്രികളാക്കി മാറ്റുമെന്ന് തീരുമാനിക്കാൻ കഴിയുമോ? യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിലാവണം ജൈവകൃഷിനയം രൂപീകരിക്കേണ്ടത്.

**ഡോ. സി. ജോർജ്ജ് തോമസ്,**
*കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര*

## പച്ചനിറം.... സാരംഗ്

കേരളീയം സെപ്തംബർ ലക്കത്തിൽ - കെ.രാജൻ എഴുതിയ "പച്ച, മഴവില്ലിലെ മറ്റ് നിറങ്ങളുമായി കലരുമ്പോൾ" എന്ന ലേഖനം വായിച്ചു. വായനിറയെ ആഹാരം കുത്തിക്കയറ്റി ആഹാരത്തിന്റെ രുചി അറിയാതെ ചവക്കാനോ ഇറക്കാനോ കഴിയാതെ കണ്ണുമിഴിക്കുന്ന, ശ്വാസം മുട്ടുന്ന ഒരനുഭവമാണ് ആ ലേഖനം വായിച്ചപ്പോൾ തോന്നിയത്. മൈക്ക് കയ്യിൽ കിട്ടിയാൽ ഈ വിദ്യാഭ്യാസത്തിന് എന്തോ തകരാറുണ്ട്, ഒരു ബദൽ വിദ്യാഭ്യാസരീതി നാം ഉണ്ടാക്കിയെടുക്കണം. ഒരു കുടിപ്പള്ളിക്കൂടമെങ്കിലും നാം ഓരോരുത്തരും തുടങ്ങണം എന്നൊക്കെ ആഹ്വാനം ചെയ്ത്, സ്വന്തം മക്കളെ ഏറ്റവും മലീമസമായ കോൺവെന്റ് വിദ്യാഭ്യാസ സ്ഥാപനത്തിൽതന്നെ അയക്കുന്ന തോൾസഞ്ചി പരിസ്ഥിതി, ബുദ്ധിജീവി ജാഡക്കാരെ അപേക്ഷിച്ച്, എന്തുകൊണ്ടും ഗ്രാഫിന്റെ മുകളറ്റത്ത് മാത്രം നിർത്താവുന്ന 'സാരംഗി'നെക്കുറിച്ച് ലേഖകൻ പറയുന്നത് ആത്മരതികൊണ്ട് അവരുടെ 'താങ്ങാവുന്ന വിദ്യാഭ്യാസം' കുത്തി നിറക്കപ്പെട്ടിരിക്കുന്നു എന്നാണ്. സ്വന്തം ജീവിതത്തിൽ, സ്വന്തം മക്കളിൽ തന്നെ പരീക്ഷണങ്ങൾ നടത്തി, അതിലെ അനുഭവങ്ങൾ വിവരിക്കുമ്പോൾ അതെങ്ങിനെയാണ് ആത്മരതിയാകുന്നത്. ദാരിദ്ര്യം കൊണ്ട് കഷ്ടപ്പെട്ടിട്ടും ഒരു ബദൽ വിദ്യാഭ്യാസരീതി ആവിഷ്കരിച്ച് നടപ്പാക്കി അതിൽ അവരുദ്ദേശിച്ച വിജയം വരിച്ചു എന്നഭിമാനിക്കുന്ന 'സാരംഗി'നെ കിട്ടാവുന്ന വേദികളിലൊക്കെ ഇടിച്ചു താഴ്ത്തേണ്ടത് യാതൊരു പരീക്ഷണങ്ങൾക്കും മുതിരാതെ ആകാശത്തേക്ക് വെടിവെച്ചുകൊണ്ടിരിക്കുന്നവർക്ക് ഒരു ഹരമാണ്. ലേഖകൻ നീതിമാനിയിരുന്നെങ്കിൽ 'കനവി'നെക്കുറിച്ച് രണ്ട് വാക്ക് ആ ലേഖനത്തിൽ എഴുതുമായിരുന്നു. അവർ ആത്മരതി നടത്താത്തതുകൊണ്ട് ലേഖകന്റെ ശ്രദ്ധയിൽ കനവ് പെടാതെ പോയതാണോ? ഒരു ജീവിതകാലം മുഴുവൻ സ്വന്തം സുഖങ്ങൾ ത്യജിച്ച് സ്വന്തം മക്കളെ സ്കൂളിൽ പറഞ്ഞയക്കാതെ ഒരു ബദൽ വിദ്യാഭ്യാസ രീതിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന 'സാരംഗി'നെ പുകഴ്ത്തിയില്ലെങ്കിലും 'ഇകഴ്ത്തുന്നതിൽ ലേഖകന് ആത്മരതിയുടെ സുഖം അനുഭവപ്പെടുന്നു എങ്കിൽ നല്ലത്. ചില പേനയുന്തലുകാർ അങ്ങിനെയും ചില സുഖങ്ങൾ അനുഭവിക്കുന്നുണ്ട്.

**കരീം കെ. പുറം**
*പുത്തൻചിറ - 680 682*

## നിയമത്തിന് ലക്കുകെടുമ്പോൾ

കൊടുങ്ങല്ലൂരിൽ ശാന്തിപുരത്ത് ദേശീയ പാതകയ്ക്ക് സമീപം തെങ്ങ് കൃഷി നശിപ്പിച്ച് അനധികൃതമായി നിർമ്മിക്കുന്ന മദ്യശാലയ്ക്കെതിരെ നാട്ടുകാർ എതിർപ്പ് പ്രകടിപ്പിച്ച് നടത്തുന്ന സമരം തുടരുന്നു. മദ്യവിരുദ്ധ കർമ്മസമിതി നേതൃത്വം നല്കുന്ന സമരം ഒരു വർഷം പിന്നിടുകയാണ്. വിദേശമദ്യ അബ്കാരി വകുപ്പ് 13 എ പ്രകാരം ഒരു

(3)

[13A. No licence of any of the above descriptions shall be issued-

(1) If the local needs do not justify the grant of a licence;

(2) If the Commissioner considers for reasons to be recorded in writing that the grant of a licence is likely to have an adverse effect on the revenues of the State;

(3) If the Commissioner considers that there is likelihood of privilege being misused;

[(4) If the applicant has been convicted of any cognizable offence or any offence under the Abkari Act, 1077, the Prohibition Act 1950 (10 of 1950), Narcotic Drugs and Psychotropic Substances Act, 1985 (Central Act 61 of 1985), The spirituous preparation (inter state trading and Commerce) Control Act, 1955 or Medical and Toilet Preparations (Excise Duties) Act, 1955 (Central Act 16 of 1955); and]

(5) If the applicant is not financially sound and is incapable discharging his responsibilities in the matter.

പ്രദേശത്ത് മദ്യശാല റെക്കമെന്റ് ചെയ്യുന്ന അധികാരി പ്രദേശത്തെ മദ്യ ആവശ്യം സംബന്ധിച്ച 'ലോക്കൽ നീഡ്' നീതികരിക്കണമെന്ന് അനുശാസിക്കുന്നു. ഇതിന്റെ പരസ്യമായ ലംഘനമാണ് ശാന്തിപുരത്ത് നടക്കുന്നത്. നിയമപരിരക്ഷ ഉണ്ടായിട്ടും ജനങ്ങളുടെ എതിർപ്പ് വകവെയ്ക്കാതെ രാഷ്ട്രീയ നേതൃത്വം ചർച്ചകൾക്ക് തയ്യാറാകുന്നില്ല. സമരത്തിന് പിന്തുണ തേടുന്നു.

ബന്ധങ്ങൾക്ക് : **ഈസാബിൻ അബ്ദുൾകരീം,** മദ്യശാല വിരുദ്ധ കർമ്മസമിതി, ശാന്തിപുരം പി.ഒ., കൊടുങ്ങല്ലൂർ. ഫോൺ : 9388658070